"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ തിരൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി ഉഷ കെ. പി. ഫയൽ ചെയ്ത OA(EKM)1664/2021 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 15.12.2023 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.1342/2024/RD തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-
1. 25.11.2005 ലെ സ.ഉ.(പി)നം.501/2005/ധന നമ്പർ സർക്കാർ ഉത്തരവ്.
2. ശ്രീമതി ഉഷ കെ. പി. സമർപ്പിച്ച 17.11.2023 ലെ നിവേദനം.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15.12.2023 ലെ OA(EKM)1664/2021 നമ്പർ കേസിലെ ഉത്തരവ്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.02.2024 ലെ എൽ.ആർ./547/2022-എൽ.ആർ.(എൻ3) നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി ഉഷ കെ. പി. 01.07.2000 മുതൽ മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജോഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്നു. തൃക്കണ്ടിയൂർ - തിരൂർ വില്ലേജ് ഓഫീസുകൾ ഒരേ കെട്ടിടത്തിന്റെ താഴത്തേയും മുകളിലത്തേയും നിലകളിലായി പ്രവർത്തിച്ചിരുന്നതിനാലും, തിരൂർ വില്ലേജ് ഓഫീസ് പ്രവർത്തിച്ചിരുന്ന മുകളിലത്തെ നിലയുടെ മാത്രം സ്വീപ്പിങ് ഏര്യ 100 ച. മീ. ൽ താഴെ ആയിരുന്നതിനാലും ടി വില്ലേജ് ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാളെ സ്ഥിരപ്പെടുത്തിയിരുന്നില്ല. എന്നാൽ തൃക്കണ്ടിയൂർ വില്ലേജ് ഓഫീസ് 01.06.2020 മുതൽ പുതിയ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനമാരംഭിക്കുകയും തിരൂർ വില്ലേജ് ഓഫീസ് താഴത്തെ നിലയിലേയ്ക്ക് പ്രവർത്തനമാരംഭിക്കുകയും ചെയ്തതിനെ തുടർന്ന് ടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് തന്നെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ഉഷ കെ. പി. സർക്കാർ മുമ്പാകെ പരാമർശം (2) പ്രകാരം ഒരു നിവേദനം സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യവുമായി ടിയാരി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(EKM) 1664/2021 നമ്പർ കേസും ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ, വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ മൂന്ന് മാസത്തിനകം അനക്സർ എ 7 നിവേദനം പരിഗണിച്ച് തീരുമാനമെടുക്കുവാൻ പരാമർശം (3) പ്രകാരം സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2) തൃക്കണ്ടിയൂർ - തിരൂർ വില്ലേജ് ഓഫീസുകൾ പ്രവർത്തിച്ചിരുന്ന ഇരുനില കെട്ടിടം മലപ്പുറം ജില്ലാ കളക്ടറുടെ 21.09.2023 ലെ DCMPM/6727/2023-G7 നമ്പർ കത്ത് പ്രകാരം തിരൂർ വില്ലേജ് ഓഫീസിന്റെ പ്രവർത്തനത്തിന് പൂർണ്ണമായും വിട്ടു നൽകിയെന്നും പ്രസ്തുത ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 177.973 ച.മീ. ആണെന്ന് തിരൂർ PWD ബിൽഡിങ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ 21.09.2023 തീയതി പ്രാബല്യത്തിൽ ശ്രീമതി കെ. പി. ഉഷയെ സ്ഥിരപ്പെടുത്തുന്നതിനായുള്ള അപേക്ഷ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ്, കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ്, സ്കെച്ച് എന്നിവ സഹിതം അനന്തര നടപടിക്കായി പരാമർശം (3) പ്രകാരം ലാൻഡ് റവന്യു കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ തിരൂർ വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഉഷ കെ. പി. യെ, തിരൂർ വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് തിരൂർ, തൃക്കണ്ടിയൂർ വില്ലേജ് ഓഫീസുകൾ പ്രവർത്തിച്ചിരുന്ന 100 ച. മീ. ൽ അധികം സ്വീപ്പിങ് ഏര്യയുള്ള കെട്ടിടം പൂർണ്ണമായും തിരൂർ വില്ലേജ് ഓഫീസിന്റെ പ്രവർത്തനത്തിനായി വിട്ടുനൽകിയ 21.09.2023 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചും തദനുസൃതമായ ആനുകൂല്യങ്ങൾ ടിയാൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കി പ്രാബല്യത്തിൽ വരുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
ശ്രീമതി ഉഷ കെ. പി., കാഷ്വൽ സ്വീപ്പർ, തിരൂർ വില്ലേജ് ഓഫീസ്, മലപ്പുറം. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (27.03.2024 ലെ 2735224/EXP-C2/9/2024/ധന നമ്പർ റിമാർക്സ് പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/255/2023-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 10-06-2024 12:56:25
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി. എസ്. ന്

ബഹു. റവന്യൂ മന്ത്രിയുടെ പി. എസ്. ന്.